കണ്ണൂരിലെ തിരുവേപ്പതി മിൽ

151 (1417) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിലെ തിരുവേപ്പതി മിൽ പൂട്ടിക്കിടക്കുവാൻ തുടങ്ങിയിട്ട് എത്രകാലമായി എന്ന് വ്യക്തമാക്കാമോ ;

(ബി) മിൽ പൂട്ടിയിടുവാൻ ഉണ്ടായ കാരണങ്ങൾ എന്തൊക്കെയാണ് ;

(സി) മിൽ തുറക്കുവാൻ മാനേജ്മെന്റ് മുൻപോട്ടുവച്ച നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ;

(ഡി) മിൽ തുറന്നു പ്രവർത്തിപ്പിക്കുവാനായി തൊഴിലാളികളുടെ ഭാഗത്തുനിന്നുണ്ടായ നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ;

(ഇ) മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിലേക്കായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഈ ആവശ്യത്തിലേയ്ക്കായി എത്ര തവണ ചർച്ചകൾ നടന്നിട്ടുണ്ട് ;

(ജി) മാനേജ്മെന്റ് വിട്ടുനിന്നതുകൊണ്ട് ചർച്ച നടക്കാതെ വന്നിട്ടുണ്ടോ ; എങ്കിൽ എത്ര തവണ ;

(എച്ച്) ചർച്ചയിൽ പങ്കെടുക്കാത്തതിന് മാനേജ്മെൻറിന് എതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ ;

(ഐ) മിൽ തുറക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ് ;

(ജെ) ഈ തടസ്സങ്ങൾ തരണം ചെയ്യുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ എടുത്തിട്ടുണ്ട് ;

(കെ) ജോലി നഷ്ടപ്പെട്ട് പട്ടിണിയിലായ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കുമായി ഈ കാലയളവിൽ എന്തൊക്കെ സഹായങ്ങൾ ചെയ്തു കൊടുത്തിട്ടുണ്ട് ;

(എൽ) മിൽ തുറക്കുവാനായി മറ്റ് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദവിവരങ്ങൾ നൽകാമോ ;

(എം) മിൽ ഗവൺമെന്റ് ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 15-4-1998 മുതൽ

(ബി) മിൽ പൂട്ടാനുള്ള കാരണം സാമ്പത്തിക പ്രതിസന്ധിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. ബാങ്കിൽ നിന്നും സാമ്പത്തിക സഹായം നൽകുക.

2. തൊഴിലാളികൾ തൊഴിൽ കാര്യശേഷി കൂട്ടുക.

3. പുതിയ ആവശ്യങ്ങൾ ഉന്നയിക്കാതിരിക്കുക.

4. വേതനം സംബന്ധിച്ച എല്ലാ കേസ്സുകളും തൊഴിലാളികൾ നിരുപാധികം പിൻവലിക്കുക.

(ഡി) ഏതുവിധേനയും മിൽ തുറന്നു പ്രവർത്തിച്ചാൽ മതി എന്നാണ് തൊഴിലാളികളുടെ നിലപാട്. 19-7-2000-ൽ മിൽ തൊഴിലാളികളും, മാനേജ്മെൻറുമാരും വിളിച്ചുകൂട്ടിയ മീറ്റിംഗിൽ മിൽ സഹകരണ മാനേജ്മെന്റിന്റെ കീഴിൽ കൊണ്ടുവരാൻ അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ടു.

(ഇ) മിൽ മാനേജ്മെന്റുകളും തൊഴിലാളികളുമായും ചർച്ചകൾ നടത്തിയിട്ടുണ്ട്.

(എഫ്&ജി) 3 തവണ വ്യവസായ വകുപ്പുമന്ത്രി ചർച്ച നടത്തിയിട്ടുണ്ട്. ഇതിൽ ഒരു പ്രാവശ്യം മാനേജ്മെന്റ് പങ്കെടുത്തില്ല.

(എച്ച്) ഇല്ല.

(ഐ) സാമ്പത്തിക പ്രതിസന്ധി കാരണമാണ് മിൽ തുറന്നു പ്രവർത്തിക്കുവാൻ സാധിക്കാത്തത് എന്ന് മാനേജ്മെൻറ് പറയുന്നു.

(ജെ) മില്ല് തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി സർക്കാർ പലവട്ടം ചർച്ചകൾ നടത്തിയിട്ടുണ്ട്.

(കെ) 1999, 2000 എന്നീ വർഷങ്ങളിൽ ഇത്തരം തൊഴിലാളികൾക്ക് ഓണത്തിന് 1000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

(എൽ) മില്ല് തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി സർക്കാരിന്റെ ഭാഗത്തു നിന്നും സാദ്ധ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എം) ഇല്ല.

കേരള ഹൈടെക് ഇൻഡസ്ട്രീസ്

152 (1418) ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഹൈടെക് ഇൻഡസ്ട്രീസ് എന്ന പൊതുമേഖലാ സ്ഥാപനം ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പർച്ചേഴ്സ് ഡിപ്പാർട്ടുമെന്റിൽ നടക്കുന്ന അഴിമതികളെക്കുറിച്ചുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly